"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തൊഴിലും നൈപുണ്യവും വകുപ്പ് - കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡ് - ജില്ലാ എക്സിക്യൂട്ടീവ് ഓഫീസർ (എച്ച്.ക്യു.) തസ്തികയുടെ പേര് എക്സിക്യൂട്ടീവ് ഓഫീസർ (അഡ്മിനിസ്ട്രേഷൻ) എന്ന് പുനഃനാമകരണം ചെയ്ത് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തൊഴിലും നൈപുണ്യവും (എച്ച്) വകുപ്പ്**

സ.ഉ.(കൈ) നം.24/2026/LBR തീയതി,തിരുവനന്തപുരം, 04-07-2026

---

പരാമർശം:-
1. കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ 26/07/2025-ലെ 439-ാമത് യോഗതീരുമാനം.
2. കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ 09/09/2025-ലെ ഇ-1667/2025 നമ്പർ കത്ത്.

**ഉത്തരവ്**

കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡിലെ ജില്ലാ എക്സിക്യൂട്ടീവ് ഓഫീസർ (എച്ച്.ക്യു.) തസ്തികയുടെ പേര് പേസ്കെയിലിൽ യാതൊരു വ്യത്യാസവും വരുത്താതെ എക്സിക്യൂട്ടീവ് ഓഫീസർ (അഡ്മിനിസ്ട്രേഷൻ) എന്നു പുനഃനാമകരണം ചെയ്യുന്നതിന് പരാമർശം (1)-ലെ ബോർഡ് യോഗം തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ, ജില്ലാ എക്സിക്യൂട്ടീവ് ഓഫീസർ (എച്ച്.ക്യു.) തസ്തികയുടെ പേര് എക്സിക്യൂട്ടീവ് ഓഫീസർ (അഡ്മിനിസ്ട്രേഷൻ) എന്ന് പുനഃനാമകരണം ചെയ്യുന്നതിനുള്ള അനുമതിക്കായി പരാമർശം (2) പ്രകാരം ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ ശിപാർശ സമർപ്പിക്കുകയുണ്ടായി.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ ചീഫ് ഓഫീസിലെ ജില്ലാ എക്സിക്യൂട്ടീവ് ഓഫീസറുടെ ചുമതലകൾ പ്രധാനമായും ഓഫീസ് അഡ്മിനിസ്ട്രേഷൻ സംബന്ധിച്ചാണ് എന്നതിന്റെ അടിസ്ഥാനത്തിൽ തസ്തികയുടെ ചുമതലകളുടെ സ്വഭാവത്തിന് കൂടുതൽ യോജിച്ച രീതിയിൽ, നിലവിലെ ശമ്പള ഘടനയിലോ ശമ്പള സ്കെയിലിലോ യാതൊരു മാറ്റവും അനുവദിക്കുന്നതല്ല എന്ന നിബന്ധനയ്ക്ക്

വിധേയമായി, ബോർഡിന്റെ ചീഫ് ഓഫീസിലെ ജില്ലാ എക്സിക്യൂട്ടീവ് ഓഫീസർ തസ്തിക 'എക്സിക്യൂട്ടീവ് ഓഫീസർ (അഡ്മിനിസ്ട്രേഷൻ)' എന്ന് പുനഃനാമകരണം ചെയ്ത് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഷീബ ജോർജ് ഐ എ എസ്
സ്പെഷ്യൽ സെക്രട്ടറി

ലേബർ കമ്മീഷണർ, തിരുവനന്തപുരം.
ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡ് കൊല്ലം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരള, തിരുവനന്തപുരം.
ധനകാര്യവകുപ്പ് (**18.06.2026**-ലെ **3372970/LBR-1/308/25-FIN** കുറിപ്പ് പ്രകാരം)
ഡയറക്ടർ, ഐ.&പി.ആർ.ഡി. (വെബ് & ന്യൂ മീഡിയ).
കരുതൽ ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signed by
Divya Sasidharan
Date: 07-07-2026 12:05:43
സെക്ഷൻ ഓഫീസർ

പകർപ്പ് :-
തൊഴിൽ, മൃഗ സംരക്ഷണ - വനിതാ ശിശു വികസന വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
തൊഴിൽ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ സി.എ.-യ്ക്ക്